**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 640** **02/11/2016 -ൽ മറുപടിയ്ക്ക്**

## തിരുവിതാംകൂർ ദേവസ്വം ബോർഡിലെ വിജിലൻസ് വിഭാഗം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു. പ്രതിഭ ഹരി<br>ശ്രീ.ബി.സത്യൻ<br>,, ആർ. രാജേഷ്<br>,, ഡി.കെ. മുരളി | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ,<br>ബഹു. ഊർജ്ജവും ദേവസ്വവും<br>വകുപ്പു മന്ത്രി. | |
| എ) | ഹൈക്കോടതി നിർദ്ദേശപ്രകാരം, തിരുവിതാംകൂർ ദേവസ്വം ബോർഡിൽ രൂപീകരിച്ച പോലീസ് വിജിലൻസ് വിഭാഗം വേണ്ടെന്നുവച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിരുന്നോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാണോ; | എ) | തിരുവിതാംകൂർ ദേവസ്വം ബോർഡിൽ രൂപീകരിച്ച പോലീസ് വിജിലൻസ് വിഭാഗം വേണ്ടെന്നുവച്ചിട്ടില്ല. തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ചീഫ് വിജിലൻസ് ഓഫീസറെ നിയമിക്കുന്നതിനുള്ള നടപടി കൈക്കൊണ്ടുവരുന്നു. |
| ബി) | ദേവസ്വം ബോർഡിൽ സാധന സാമഗ്രികൾ വാങ്ങുന്നതുമായി ബന്ധപ്പെട്ട എല്ലാ ഫയലുകളും പോലീസ് വിജിലൻസിന് നൽകണമെന്ന നിർദ്ദേശത്തെ തുടർന്നാണ് ഇത്തരത്തിൽ തീരുമാനിച്ചതെന്ന ആരോപണം പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; | ബി) | അങ്ങനെ ഒരു മാർഗ്ഗനിർദ്ദേശം നിലവിലില്ല. |
| സി) | ഉത്തരവിറക്കിയ സെക്രട്ടറിയുൾപ്പെടെയുള്ള നിരവധി ഉന്നതർ ഇതിനുമുമ്പ് ആരോപണ വിധേയരായിരുന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ; | സി) | സെക്രട്ടറി ഉൾപ്പെടെയുള്ള ഉന്നതർ ആരോപണവിധേയരായിരുന്ന കാര്യം ഗൗരവമായി കാണുന്നുണ്ട്. |
| ഡി) | ദേവസ്വം ബോർഡിൽ, പോലീസ് വിജിലൻസിന് പകരം ഏർപ്പെടുത്താനുദ്ദേശിക്കുന്ന സംവിധാനമെന്താണ്; അതിന്റെ ഘടന, സത്യസന്ധത ഉറപ്പുവരുത്തുന്നതാണോ; വിശദമാക്കാമോ? | ഡി) | തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ സാമ്പത്തിക സ്ഥിതിയ്ക്ക് അനുസരണമായി കാര്യക്ഷമമായ വിജിലൻസ് പ്രവർത്തനം ഉണ്ടാകുന്നതിലേയ്ക്കായി വിജിലൻസ് വിഭാഗം പുന:സംഘടിപ്പിക്കുന്നത് സംബന്ധിച്ച് പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് ദേവസ്വം കമ്മീഷണർ ചെയർമാനായി തിരുവിതാംകൂർ ദേവസ്വം ബോർഡ് ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുള്ളതാണ്. |

**സെക്ഷൻ ഓഫീസർ**